➩ *2011 ഡിസംബർ 15ന് കൊക്കക്കോളയ്ക്ക് അനുകൂലമായ വിധി വന്നു* ➩

**പ്ലാച്ചിമടയിലെ** ജലമലിനീകരണത്തിന്റെയും ജലചൂഷണത്തിന്റെയും പരിസ്ഥിതി നാശത്തിന്റെയും കുറ്റം പേറുന്ന കോർപ്പറേറ്റ് കൊക്കക്കോളയ്ക്ക് വിൽപ്പന നികുതിയിൽ ഇളവ് അനുവദിക്കാൻ കേരള വ്യവസായ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. 2001ൽ കൊക്കക്കോള കമ്പനി നൽകിയ ഹർജിയിൽ, 2011 ഡിസംബർ 15ന് ഹൈക്കോടതി പുറപ്പെടുവിച്ച അനുകൂലവിധി പ്രകാരമാണ് 2013 മാർച്ച് 11ന് വ്യവസായ വകുപ്പ് ഉത്തരവിറക്കിയത് (എഫ്.സി 4/7894/2004). ഗ്രീൻചാനൽ വഴി സംരംഭം തുടങ്ങുന്നവർക്ക് 2000ൽ അനുവദിച്ച ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് കൊക്കക്കോള വിൽപ്പന നികുതി ഇളവിന് അപേക്ഷിച്ചത്. ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയ്ക്ക് മുടക്കുന്ന തുകയ്ക്ക് ആനുപാതികമായ സംഖ്യ ഉത്പാദനം തുടങ്ങി ആദ്യ അഞ്ച് വർഷം വിൽപ്പന നികുതിയിൽ ഇളവ് അനുവദിക്കും എന്നാണ് ഗ്രീൻചാനൽ വഴി വരുന്ന വ്യവസായ സംരംഭങ്ങൾക്കുള്ള ഇളവ്. 44 കോടി രൂപയുടെ ഇളവിനാണ് ഈ വ്യവസ്ഥ പ്രകാരം കൊക്കക്കോള അപേക്ഷിച്ചിരുന്നത്. സാങ്കേതിക കാരണങ്ങളാൽ അന്ന് സർക്കാർ അപേക്ഷ തള്ളിയതിനെ തുടർന്നാണ് കൊക്കക്കോള ഹൈക്കോടതിയെ സമീപിച്ചത്. 2011 ഡിസംബർ 15ന് കൊക്കക്കോളയ്ക്ക് അനുകൂലമായ വിധി വന്നെങ്കിലും അപ്പീൽ നൽകാനോ മേൽക്കോടതിയെ സമീപിക്കാനോ തയ്യാറാകാതെ, നികുതി ഇളവ് കൊടുക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ് സർക്കാർ ചെയ്തത്. ജില്ലാ വ്യവസായ കേന്ദ്രം രേഖകൾ പരിശോധിച്ച ശേഷം കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 5.26 കോടിരൂപയുടെ നികുതി ഇളവ് കൊക്കക്കോളയ്ക്ക് അനുവദിക്കാൻ വ്യവസായ വകുപ്പ് ഉത്തരവിറക്കിയത്. ഉത്തരവിന്റെ പകർപ്പ് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ എത്തിയതിനെ തുടർന്ന് തുടർ നടപടികൾ ആരംഭിച്ചതായാണ് അറിയാൻ കഴിയുന്നത്. കമ്പനി സമർപ്പിച്ച ബില്ലുകളിലെ അപാകതയാണ് അവർ അപേക്ഷിച്ച അത്രയും തുക അനുവദിക്കാത്തതിന് കാ

## കൊക്കക്കോളയ്ക്ക് നികുതി ഇളവ്

# പ്ലാച്ചിമടയുടെ രാഷ്ട്രീയവും ഭരണത്തിന്റെ അരാഷ്ട്രീയതയും

കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെ തകർക്കാൻ ശ്രമിക്കുന്ന ചെയ്യുന്ന കൊക്കക്കോളയ്ക്ക് 5.26 കോടി രൂപ വിൽപ്പന നികുതി ഇളവ് നൽകാൻ തീരുമാനിച്ചുകൊണ്ട് കേരള സർക്കാർ പ്ലാച്ചിമടയുടെ രാഷ്ട്രീയത്തെ തള്ളിപ്പറഞ്ഞിരിക്കുന്നു

**കേരളീയം വാർത്താശൃംഖല**

⇨ *വിലയിരുത്തൽ നടത്താതെ ആർക്കും ഇളവുകൾ അനുവദിക്കാൻ ഭരണകൂടങ്ങൾ തയ്യാറാകുന്നു* ⇨



ഫോട്ടോ: മധുരാജ്

രണമായത്. പ്ലാന്റ് ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾക്ക് 1,24,85,750 രൂപ. ഭൂമിക്ക് 56,2,00 രൂപ. ഭൂമി വികസിപ്പിച്ചതിന് 38,50,733 രൂപ. കെട്ടിടത്തിന്, 3,60,47,250 രൂപ എന്നിങ്ങനെ കണക്കാക്കിയാണ് കൊക്കക്കോളയ്ക്ക് ഇളവ് അനുവദിച്ചിരിക്കുന്നത്.

കേരള സർക്കാറിന്റെ വ്യവസായ നയപ്രകാരമുള്ള ഗ്രീൻചാനൽ സംവിധാനം നിക്ഷേപകർക്കായി അനുവദിച്ചിരിക്കുന്ന ഇളവുകളാണ് കൊക്കക്കോളയ്ക്ക് ഇത്രയേറെ തുക വിൽപ്പന നികുതിയിൽ ഇളവായി ലഭിക്കുന്നതിന് കാരണമായി മാറിയത്. നിക്ഷേപക സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനും അതുവഴി കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് ഗ്രീൻചാനൽ സംവിധാനം സൃഷ്ടിച്ചിരിക്കുന്നതെന്നാണ് സർക്കാറിന്റെ പക്ഷം. ഏത് വിധേനെയും നിക്ഷേപക സൗഹൃദമാവുക എന്നതായി മാറിയിരിക്കുകയാണ് ഉദാരവത്കരണ നയങ്ങൾക്ക് ശേഷം ഇന്ത്യയിൽ നിലവിൽ വന്ന എല്ലാ ഭരണകൂടങ്ങളുടെയും പ്രഖ്യാപിത ലക്ഷ്യം. നിക്ഷേപകർ ആരെന്ന് കാര്യക്ഷമമായി പരിശോധിക്കാതെയും എന്ത് വ്യവസായമാണ് അവർ നടത്തുന്നതെന്ന വ്യക്തമായ ധാരണയില്ലാതെയും ആ വ്യവസായം നാടിന്റെ വികസനത്തിന് എന്ത് സംഭാവനയാണ് നൽകാൻ പോകുന്നത് എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്താതെയും ആർക്കും ഇളവുകൾ അനുവദിക്കാൻ ഭരണകൂടങ്ങൾ തയ്യാറാകുന്നു. കോർപ്പറേറ്റുകൾക്ക് നമ്മുടെ വിഭവങ്ങളുടെ മേൽ ചൂഷണാധികാരം സ്ഥാപിക്കുന്നതിനുള്ള വഴിയൊരുക്കുകയാണ് ഇത്തരം നിക്ഷേപക സൗഹൃദ നയങ്ങളെന്നാണ് പോയകാല അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഭൂമിയും വെള്ളവും പോലെയുള്ള വിഭവങ്ങൾ ചുളുവിലയ്ക്ക് ലഭ്യമാക്കുന്നതിനും വിഭവങ്ങൾ കുത്തകകൾക്ക് കൈമാറുന്നതിന് തടസ്സമായി നിൽക്കുന്ന തദ്ദേശീയ ജനതയെ ബലപ്രയോഗത്തിലൂടെ പിഴുതെറിഞ്ഞ് നിക്ഷേപകർക്ക് വഴിയൊരുക്കുന്നതിനും 'നിക്ഷേപക സൗഹൃദ സർക്കാറുകൾ' പരമാവധി പരിശ്രമിക്കുന്നുണ്ട്.

കേരളത്തിലും ഇടത്-വലത് വ്യത്യാസമില്ലാതെ മാറിവരുന്ന ഭരണാധികാരികൾ ഇ

തുതന്നെയാണ് കഴിഞ്ഞ 10 വർഷത്തിലേറെയായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇ.കെ. നായനാർ സർക്കാർ കാലത്ത് കൊക്കക്കോള കേരളത്തിലെത്തുന്നതും ഇതേ നയത്തിന്റെ ഭാഗമായാണ്. വ്യവസായങ്ങൾ തൊഴിലുകൊണ്ടുവരുന്നു എന്ന സാമാന്യ ധാരണയെ ഉള്ളാൽ വഹിക്കുന്ന പ്രജകളായി ജനങ്ങളെ പരുവപ്പെടുത്താൻ ശ്രമിച്ചുകൊണ്ട് നിക്ഷേപക സൗഹൃദ മാനസികാവസ്ഥകൂടി സൃഷ്ടിക്കാനുള്ള നീക്കങ്ങളിലാണ് ഭരണകൂടം. എന്നാൽ അവർ സാമാന്യവത്കരിക്കാൻ ശ്രമിക്കുന്ന ഈ ധാരണകളെ പൊളിച്ചുകൊണ്ടാണ്, ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റുകളിലൊന്നായ കൊക്കക്കോളയുടെ ചൂഷണത്തിനെതിരെ പ്ലാച്ചിമടയിലെ ഗ്രാമീണർ ശക്തമായ ജനകീയ സമരവുമായെത്തുന്നത്. സാമൂഹിക

**സാമൂഹിക പ്രാധാന്യമില്ലാത്ത കോള ഉത്പന്നങ്ങൾ നിർമ്മിക്കാൻ വേണ്ടി ജനങ്ങളുടെ കുടിവെള്ളവും ആരോഗ്യവും നശിപ്പിച്ചാലും കുഴപ്പമില്ല എന്ന് ചിന്തിക്കുന്ന കൊക്കക്കോളയെ, വികസനത്തിന്റെയും തൊഴിലിന്റെയും പേരിൽ ക്ഷണിച്ചുവരുത്തിയ ഭരണകൂട നയങ്ങൾക്കേറ്റ പ്രഹരമായി മാറി പ്ലാച്ചിമട സമരം**

പ്രാധാന്യമില്ലാത്ത കോള പോലെയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കാൻ വേണ്ടി ജനങ്ങളുടെ കുടിവെള്ളവും ആരോഗ്യവും നശിപ്പിച്ചാലും കുഴപ്പമില്ല എന്ന് ചിന്തിക്കുന്ന കൊക്കക്കോളയെ, വികസനത്തിന്റെയും തൊഴിലിന്റെയും പേരിൽ ക്ഷണിച്ചുവരുത്തിയ ഭരണകൂട നയങ്ങൾക്കേറ്റ പ്രഹരമായി മാറി പ്ലാച്ചിമട സമരം. ബഹുരാഷ്ട്ര കോർപ്പറേറ്റിനെതിരെയുള്ള ജനങ്ങളുടെ സമരശക്തിയെ പിന്തുണയ്ക്കാൻ അതേ രാഷ്ട്രീയ നേതൃത്വങ്ങൾ പിന്നീട് പ്ലാച്ചിമടയിലെത്തിയെങ്കിലും അവരുടെ അടിസ്ഥാനപരമായ നയങ്ങളിൽ മാറ്റമുണ്ടായിട്ടില്ല എന്നതിന്റെ തെളിവുകളാണ് ഇന്നും തിരുത്തപ്പെടാതെ തുടരുന്ന ഈ വ്യവസായ നയവും കൂടുതൽ നിക്ഷേപക സൗഹൃദമാകാനുള്ള എമർജിംഗ് കേരള പോലെയുള്ള പദ്ധതികളും സൂചിപ്പിക്കുന്നത്. കുടിവെള്ളത്തിനേക്കാൾ വില കോളയ്ക്ക് കൽപ്പിക്കുകയും ആ കോള ഉത്പാദകരെ വികസന സംരംഭകരായി പരിഗണിച്ച് കോടിക്കണക്കിന് രൂപ ഇളവ് നൽകുകയും ചെയ്യുന്നതിനെ നാടിന്റെ പുരോഗതിയുടെ മാനദണ്ഡമായി കരുതുമ്പോൾ പിന്നെ എന്തിനാണ് പ്ലാച്ചിമട സമരത്തിനൊപ്പം തങ്ങളുമുണ്ടെന്ന് പറഞ്ഞ് ഈ രാഷ്ട്രീയകക്ഷികൾ ഇരകൾക്കൊപ്പം കൈകോർത്തത്?

പ്ലാച്ചിമടയിൽ വരുത്തിയ നാശനഷ്ടങ്ങൾക്ക് പരിഹാരമായി ഉന്നതാധികാര സമിതി കണക്കാക്കിയ 216 കോടി രൂപയുടെ നഷ്ടപരിഹാരം നൽകാൻ കഴിയില്ലെന്ന് പറയുകയും നഷ്ടപരിഹാരം കോളയിൽ നിന്നും ഈടാക്കുന്നതിനായി കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെ സർവ്വായുധങ്ങളാലും തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കൊക്കക്കോളയ്ക്കാണ് 5.26 കോടി രൂപ ഇളവ് കേരള സർക്കാർ അനുവദിക്കാൻ പോകുന്നത് എന്നത് ജനാധിപത്യ സമൂഹത്തെ ഒന്നടങ്കം മുറിപ്പെടുത്തുന്ന തീരുമാനമായി മാറുന്നു.

കോർപ്പറേറ്റ് രാജിന് കസേരയൊഴിഞ്ഞ് കൊടുത്തിരിക്കുന്ന ഭരണകൂടങ്ങളിൽ നിന്നും പ്രതീക്ഷിക്കാവുന്ന നടപടിയാണെങ്കിലും കോള കമ്പനിയെ മുട്ടുകുത്തിച്ച പ്ലാച്ചിമട സമരത്തിന്റെ രാഷ്ട്രീയത്തെ പ്രത്യക്ഷത്തിൽ അംഗീകരിച്ചു എന്ന് പറയുന്ന രാഷ്ട്രീയ കക്ഷികളൊന്നും യഥാർത്ഥത്തിൽ സമരത്തിനൊപ്പമില്ല എന്ന് തെളിയിക്കുന്നതു കൂടിയായി മാറുകയാണ് ഈ കോളാനുകൂല നടപടിയും പ്രതിപക്ഷത്തിന്റെ പതിവ് മൗനവും.

പ്ലാച്ചിമടയിലെ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കാൻ ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള ബില്ലിന് കേന്ദ്രസർക്കാറിന്റെ അനുമതി അന്തിമമായി നീളുകയും ബില്ല് കേരള നിയമസഭയിൽ പാസാക്കിയ രാഷ്ട്രീയ കക്ഷികൾ നിഷ്ക്രിയരായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ വന്ന ഈ സർക്കാർ നടപടി കോളയുടെ ഉടമ്പടികളെ കൂടുതൽ വെളിപ്പെടുത്തുകയും പ്ലാച്ചിമട സമരം കൂടുതൽ ശക്തമാകേണ്ടുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

പ്ലാച്ചിമട നിവാസികൾക്ക് ടാപ്പിലൂടെ കുടിവെള്ളം വിതരണം ചെയ്യണമെന്ന സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശം അനുസരിക്കാതിരുന്ന കൊക്കക്കോള 2011 ജൂലായിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള നടപടിയുമായി മുന്നോട്ട് പോവുകയുണ്ടായി. കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതയുടെ മറവിൽ, കൊക്കക്കോള മുഖം മിനുക്കാൻ നടത്തിയ ആ പരിപാടി ഉദ്

ഘാടനം ചെയ്തത് കേന്ദ്ര കൃഷി സഹമന്ത്രി കെ.വി. തോമസായിരുന്നു. (ആ സമയത്ത് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ മേശപ്പുറത്ത് അഭിപ്രായമറിയാനായി കിടക്കുന്നുണ്ടായിരുന്നു). പല ഭാഗത്ത് നിന്നും പ്രതിഷേധങ്ങൾ ഉയർന്നുവന്നെങ്കിലും, പ്ലാച്ചിമടയിലെ ജലം മലിനീകരിക്കുകയും അതിന് നഷ്ടപരിഹാരം കൊടുക്കാതിരിക്കുകയും ചെയ്യുന്ന കൊക്കക്കോള ആശുപത്രിയിൽ ശുദ്ധജലം വിതരണം ചെയ്യാനെത്തുന്നതിന്റെ കാപട്യം രാഷ്ട്രീയ സംവിധാനങ്ങൾ കണ്ടില്ലെന്ന് നടിച്ചു. സാങ്കേതിക കാരണങ്ങളാൽ മാത്രമാണ് കോള സ്ഥാപിച്ച ആ ശുദ്ധജല വിതരണ സംവിധാനം ഇപ്പോൾ പ്രവർത്തിക്കാത്തത് എന്നാണ് ആശുപത്രി വൃത്തങ്ങളിൽ നിന്നും അറിയാൻ കഴിയുന്നത്.

ഇങ്ങനെ പല രൂപങ്ങളിൽ, പല ഭാവങ്ങളിൽ, നഷ്ടമായ ഇമേജും സ്വാധീനശേഷിയും വീണ്ടെടുക്കാനാണ് കോള ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്ലാച്ചിമടയിലെ കുറ്റകൃത്യങ്ങളുടെ പേരിൽ കൊക്കക്കോള ശിക്ഷിക്കപ്പെടാതിരിക്കാൻ നമ്മുടെ ഭരണകേന്ദ്രങ്ങളിലെ പല ഉന്നതരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ തെളിവുകൾ പല വിധത്തിൽ ബോധ്യമായിക്കൊണ്ടിരിക്കുകയാണ്. ഈ സങ്കീർണ്ണാവസ്ഥകളെ മറികടന്ന്, കോർപ്പറേറ്റ് വാഴ്ചയ്ക്ക് തടയിടാൻ കഴിയുന്ന ക്ഷമത ഇന്നും പ്ലാച്ചിമട സമരത്തിൽ അവശേഷിക്കുന്നുണ്ട്. അത് തിരിച്ചറിയുന്ന കൊക്കക്കോള സമരത്തെ പരാജയപ്പെടുത്താൻ പല വഴികളിൽ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. കൊക്കക്കോളയുടെ ശ്രമങ്ങൾ വിഫലമാകുമെന്ന് തന്നെയാണ് പ്ലാച്ചിമടയ്ക്ക് വേണ്ടി ഉണർന്നിരിക്കുന്ന മനസ്സുകളുടെ ഉത്തമ ബോധ്യം. ■

**കൊക്കക്കോളയ്ക്ക് വിൽപ്പന നികുതിയിൽ ഇളവ് അനുവദിക്കാനുള്ള തീരുമാനത്തോട് പ്രതികരിക്കുന്നു**

# നിയമലംഘകരെ സംരക്ഷിക്കുന്ന നടപടി

**എസ്. ഫെയ്സി**
(പ്ലാച്ചിമട ഉന്നതാധികാര സമിതി അംഗം)

**കൊക്കക്കോള** കമ്പനിക്ക് അഞ്ചേകാൽ കോടിയുടെ നികുതി ആനുകൂല്യം നൽകാൻ കേരള സർക്കാർ ഉത്തരവിറക്കിയ കാര്യം ഉത്കണ്ഠയുളവാക്കുന്നതും പ്രതിഷേധാർഹവുമാണ്. പ്ലാച്ചിമട പ്രദേശത്തെ മുഴുവൻ വീടുകളിലേക്കും പൈപ്പിട്ട് കുടിവെള്ളമെത്തിക്കാനും കമ്പനിയിൽ റിവേഴ്സ് ഓസ്മോസിസ് സിസ്റ്റം സ്ഥാപിച്ച് മലിനീകരണം ഒഴിവാക്കാനുമുള്ള സുപ്രീം കോടതി ഉത്തരവ് പാലിക്കാത്തതുകൊണ്ട് ശിക്ഷാനടപടിയായി സുപ്രീംകോടതി നിർദ്ദേശിച്ചത് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടിയതാണ് കൊക്കക്കോളയുടെ പ്ലാച്ചിമട പ്ലാന്റ്. ഒരു കുറ്റവാളി കമ്പനിക്ക് സർക്കാർ ആനുകൂല്യം നൽകുന്നത് ഇന്ത്യൻ ഭരണഘടനയോടുള്ള വെല്ലുവിളി മാത്രമായേ കണക്കാക്കാൻ കഴിയൂ.

കൊക്കക്കോള നടത്തിയ രൂക്ഷമായ ജലചൂഷണവും ജല, മണ്ണ് മലിനീകരണവും കേരള സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി വിലയിരുത്തുകയും ഏറ്റവും കുറഞ്ഞത് 216 കോടിരൂപയുടെ വിനാശം പ്രസ്തുത കമ്പനി പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകളിൽ വരുത്തിവച്ചു എന്നു കണ്ടെത്തുകയും ചെയ്തതാണ്. ആ കമ്പനിക്ക് പൊതു ഖജനാവിൽ നിന്നും ആനുകൂല്യം അനുവദിക്കുമ്പോൾ അത് ജനങ്ങളോടുള്ള വെല്ലുവിളിയായി മാറുകയാണ്.

കേരള ചരിത്രത്തിലെ ഏറ്റവും വലുതും പ്രാതിനിധ്യമാർന്നതുമായ പ്രസ്തുത ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനുള്ള നിയമം 2011 ഫെബ്രുവരി മാസം ഭരണപക്ഷവും പ്രതിപക്ഷവും സഹകരിച്ച് കേരള നിയമസഭ പാസാക്കിയതാണ്. ആ നിയമം പ്രാബല്യത്തിൽ വരാനിരിക്കെ കോള കമ്പനിക്ക് ആനുകൂല്യം നൽകുകവഴി സർക്കാർ നിയമസഭയെ അവഹേളിക്കുകയാണ് ചെയ്തത്.

സർക്കാർ വക്കീലന്മാരിൽ പലരും ഉദ്യോഗസ്ഥ വൃന്ദവുമായി ചേർന്ന് സർക്കാർ കേസുകൾ സ്വകാര്യ കമ്പനിക്ക് വേണ്ടി തോറ്റുകൊടുക്കുന്നതായുള്ള പരാതി നിലവിലുള്ള കാര്യം അറിയാമല്ലോ. ആ സാഹചര്യം വീണ്ടും ആവർത്തിക്കപ്പെടുകയാണിവിടെ. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന സംസ്ഥാനം കുറ്റവാളിയായ ബഹു